# പതിമൂന്നാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 152** **16/02/2016-ൽ മറുപടിയ്ക്ക്**

## ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. കെ. രാജു:<br>ശ്രീ. ജി. എസ്. ജയലാൽ: | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |

എ) ഉൾനാടൻ ജലാശയങ്ങളിലെ പോളപ്പായൽ, മലിനീകരണം എന്നിവ കാരണം തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് എന്തെങ്കിലും നഷ്ടപരിഹാരം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

എ) ഇല്ല

ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ബി) ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ

1) ഭവന നിർമ്മാണ പദ്ധതി
2) ഭവന അറ്റകുറ്റപ്പണി
3) ടോയ്‌ലറ്റ് നിർമ്മാണം
4) മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം
5) സമ്പാദ്യ സമാശ്വാസ പദ്ധതി

പൊതു ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ.

മത്സ്യസമൃദ്ധി I ഉം II ഉം പദ്ധതികൾ പ്രകാരം പൊതുജലാശയങ്ങളിൽ മത്സ്യനിക്ഷേപം നടത്തിവരുന്നു. പൊതു ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി (സോഷ്യൽ ഫിഷറീസ്) ഓരോ

ജില്ലയ്ക്കും 5 ലക്ഷം രൂപ വീതം മൂന്ന് വർഷ കാലയള വിലേയ്ക്ക് 210 ലക്ഷം രൂപയാണ് മത്സ്യസമൃദ്ധി II പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നത്. പൊതു ജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപിക്കുന്ന പദ്ധതി വ്യാപകമാക്കിയതിലൂടെ ഉൾനാടൻ മത്സ്യസമ്പത്തും പരമ്പരാഗത അനുബന്ധ മത്സ്യതൊഴിലാളികളുടെ തൊഴിലും വരുമാന മാർഗ്ഗവും വർദ്ധിപ്പിക്കുന്നതിന് ഇതിലൂടെ സാധ്യമാകുന്നു.

പൊതുജലാശയങ്ങളിലെ കരിമീൻ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കോട്ടയം മത്സ്യകർഷക വികസന ഏജൻസിയുടെ കീഴിലുള്ള പള്ളം ഗവ. ഫിഷ് ഫാമിൽ കാരി, വരാൽ തുടങ്ങിയ വംശനാശ ഭീഷണി നേരിടുന്ന നാടൻ മത്സ്യങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം ന്യൂതന സാങ്കേതിക വിദ്യയിലൂടെ ഇവയുടെ പ്രജജനം നടത്തുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടു ണ്ട്.

പത്തനംതിട്ട ജില്ലയിലെ പോളച്ചിറ ദേശീയ മത്സ്യവിത്തുല്പാദന കേന്ദ്രത്തിന്റെ അനുബന്ധ മായ ഐരാറ്റിൽ ഫാമിൽ നാടൻ മത്സ്യങ്ങളായ കാരി, മുഷി, മഞ്ഞകൂരി, കല്ലേമുട്ടി എന്നിവയുടെ വിത്തുല്പാദനത്തിനുവേ ണ്ടി 5 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ഇതിന്റെ പ്രാരംഭ പ്രവർത്തനമായി പോളച്ചിറ ഫാമിൽ കാരി, കല്ലേമുട്ടി എന്നിവയുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള വിത്തുല്പാദനം ആരംഭിച്ചിട്ടു ണ്ട്.

പീച്ചിയിൽ ഒരു മൾട്ടി സ്പീഷീസ് ഫിൻ ഫിഷ് ഹാച്ചറി ആരംഭിക്കുന്നതിന് 284 ലക്ഷം രൂപ അനുവദിക്കുകയും അതിൽ കാരി, മുഷി, വരാൽ, മഞ്ഞകൂരി, കരിമീൻ എന്നീ തദ്ദേശീയമായ മത്സ്യകുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടു ണ്ട്.

അഴിക്കോട് ഹാച്ചറിയിൽ ഈ വർഷം ഒരു ലക്ഷത്തിലധികം കരിമീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് കർഷകർക്ക് നൽകിയിട്ടു ണ്ട് അലങ്കാര മത്സ്യമായ ചെങ്കളിയാനും (മിസ് കേരള) കഴിഞ്ഞ 5 വർഷമായി ഉദ്പാദിപ്പിച്ചു വരുന്നു.

ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി 2015-16 വർഷം 6 ലക്ഷം രൂപ വീതം ആകെ 30 ലക്ഷം രൂപ ആലപ്പുഴ, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകൾക്ക് അനുവദിച്ചു നൽകിയിരുന്നു. ടി തുക വിനിയോഗിച്ച് 7,29,000 പൂമീൻ കുഞ്ഞുങ്ങളെ മേൽപറഞ്ഞ ജില്ലകളിലെ പൊതു ജലാശയങ്ങളിൽ നിക്ഷേപിച്ചിട്ടുണ്ട് കൂടാതെ പൊതുജലാശയങ്ങളിൽ കാർപ്പ് മത്സ്യങ്ങളെ നിക്ഷേപിക്കുന്നതിനായി 7 ലക്ഷം രൂപ പത്തനംതിട്ട, കോട്ടയം, ഇടുക്കി, തൃശ്ശൂർ, പാലക്കാട് ജില്ലകൾക്ക് അനുവദിച്ച് നൽ കി.

ആയിരംതെങ്ങിൽ കരിമീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനായി പുതിയ ഹാച്ചറി സ്ഥാപിച്ചു. തിരുവനന്തപുരം ജില്ലയിലെ നെയ്യാർഡാം, കോട്ടയം ജില്ലയിലെ പള്ളം, തൃശ്ശൂർ ജില്ലയിലെ പീച്ചി, എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട് എന്നിവിടങ്ങളിൽ തദ്ദേശീയ മത്സ്യങ്ങളുടെ വിത്തുല്പാദനകേന്ദ്രം സ്ഥാപിക്കുന്നതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**<u>ഫിർമ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നത് ലക്ഷ്യമിട്ട് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട നദികളിലും, കായലുകളിലുമായി 7 മത്സ്യസങ്കേതങ്ങൾ ഫിർമ മുഖേന സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയും പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. പെരുമ്പപ്പുഴ, വളപട്ടണം പുഴ, മൂവ്വാറ്റുപുഴ,

ശാസ്താംകോട്ട (ചേലൂർകായൽ), എന്നിവിടങ്ങളിൽ സ്ഥാപിച്ചുകഴിഞ്ഞു. വളപട്ടണം പുഴയിൽ നിന്ന് അന്യംനിന്നുപോയ ആറ്റ്കൊഞ്ചിനെ പുനരധിവസിപ്പിക്കുന്നതിനും അതുവഴി ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനും മത്സ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവും ലക്ഷ്യമിട്ട് മൂന്ന് വർഷങ്ങളിലായി വളപട്ടണം പുഴയിൽ ആറ്റ്കൊഞ്ച് വിത്ത് നിക്ഷേപിക്കുന്ന പദ്ധതി ഫിർമ പൂർത്തിയാ ക്കിയിട്ടുണ്ട് കുട്ടനാടൻ ജലാശയങ്ങളിലെ ആറ്റ്കൊഞ്ച്, കരിമീൻ എന്നിവയുടെ വംശവർദ്ധനവിനും അതുവഴി മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കുട്ടനാടൻ ജലാശയങ്ങളിൽ ആറ്റ്കൊഞ്ച്, കരിമീൻ എന്നിവയുടെ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി 90% പൂർത്തിയായി. മത്സ്യത്തൊഴിലാളികളുടെ വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് മത്സ്യസങ്കേതങ്ങൾ സ്ഥാപിച്ച പ്രദേശങ്ങളിൽ മത്സ്യവിത്ത് നിക്ഷേപം നടത്തിയിട്ടു ണ്ട്

<u>അഡാക്ക് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

വെള്ളായണി കായലിൽ സംസ്ഥാന പരിസ്ഥിതി വകുപ്പിന്റെ സാമ്പത്തിക സഹായത്തോടു കൂടി 12.75 ലക്ഷം രൂപ ചെലവഴിച്ച് 5 ഹെക്ടർ സ്ഥലത്ത് ഒരു മത്സ്യസങ്കേതം സ്ഥാപിച്ചു. 150-ഓളം മത്സ്യത്തൊഴിലാളികൾക്ക് ഇതുകൊണ്ടുള്ള പ്രയോജനം ലഭിക്കും. കൂടാതെ കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയിലെ പാതിരാ മണലിൽ 26 ലക്ഷം രൂപ ചെലവഴിച്ച് ഒരു മത്സ്യസങ്കേതം സ്ഥാപിച്ചിട്ടു ണ്ട്. ആലപ്പുഴ ജില്ലയിലെ പതിനായിരത്തോളം മത്സ്യത്തൊഴിലാളികൾക്ക് ഇതുകൊ ണ്ടുള്ള പ്രയോജനം ലഭിക്കും. കുട്ടനാടൻ പ്രദേശങ്ങളി ലെ ഒരു മാസത്തോളം നീണ്ടു നിൽക്കുന്ന മത്സ്യവിളവെടു പ്പിൽ പാടശേഖരങ്ങളിലെ വളർത്തുമത്സ്യങ്ങളെയും നാടൻ മത്സ്യങ്ങ ളെയും പാടശേഖര സമിതിയ്ക്ക് പിടിച്ചു നൽകുന്നത് ഉൾനാടൻ

മത്സ്യത്തൊഴിലാളികളാണ്. ഒരു കിലോഗ്രാം മത്സ്യം വിളവെടുപ്പിന് കൂലിയായി 13 മുതൽ 15 രൂപ വരെ ലഭിക്കുന്നതാണ്. കൂടാതെ കുട്ടനാട് പാക്കേജ് പദ്ധതി പ്രകാരം നടപ്പാക്കിയ കൂടുകളിലെ മത്സ്യകൃഷി (143 ലക്ഷം രൂപ)യും വലവളപ്പുകളിലെ മത്സ്യകൃഷി (18 ലക്ഷം രൂപ) യും ഉൾനാടൻ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളാണ് നടപ്പാക്കി വരുന്നത്. കൂടാതെ ഒരു കോടി രൂപ ചെലവഴിച്ച് കുട്ടനാട്ടിലെ തുറന്ന ജലാശയങ്ങളിൽ 47 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട് ഇത് ആ പ്രദേശത്തെ പതിനായിരത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾക്ക് ഗുണം ചെയ്യും.

**<u>സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

സാഫ് മുഖേന നടപ്പിലാക്കി വരുന്ന തീരമൈത്രി പദ്ധതിയിലൂടെ ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ സംരക്ഷണത്തിനായി വേമ്പനാട് കായലിന് ചുറ്റും താമസിച്ച് വരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ നാല് സ്ത്രീകൾ അടങ്ങുന്ന ഗ്രൂപ്പുകൾക്ക് സൂഷ്മ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായവും വിവിധ തരം പരിശീലനങ്ങളും നൽകി വരുന്നുണ്ട് വയനാട് ജില്ലയിൽ ആദിവാസി മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ട ആറ് സ്ത്രീകൾ ഉൾപ്പെടുന്ന ഗ്രൂപ്പിന് സ്വന്തമായി സീ ഫുഡ് സെന്റർ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായവും വിവിധ പരിശീലനവും നൽകിയിട്ടുണ്ട് കൂടാതെ കോട്ടയം ജില്ലയിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ പ്ലസ് ടു വിദ്യാഭ്യാസ യോഗ്യതയുള്ള യുവതികൾക്ക് തൊഴിൽമേഖലകളിൽ തൊഴിൽ നേടുന്നതിന് പര്യാപ്ത മാക്കുന്നതിനായി തീരനൈപുണ്യ എന്ന പേരിൽ രണ്ടു മാസക്കാലം നീണ്ടുനിൽക്കുന്ന അഭിരുചി പരിശീലനവും നൽകി വരുന്നു.

ഉൾനാടൻ മേഖലയിൽ മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പാക്കി ന്യായവില ലഭ്യമാക്കുന്നതിനായി

തീരദേശ വികസന കോർപ്പറേഷൻ, എൻ.എഫ്.ഡി.ബി യുടെ ധനസഹായത്തോടെ 23 മത്സ്യമാർക്കറ്റുകൾ നിർമ്മിച്ചു.

മത്സ്യഫെഡ് മുഖേന കോട്ടയം ജില്ലയിലെ വൈക്കം പാലയ്ക്കരി ഫിഷ് ഫാമിൽ 350 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ടൂറിസം പദ്ധതി ആരംഭിച്ചു. കോട്ടയം ജില്ലയിൽ ഹൈടെക് മാർക്കറ്റുകൾ 10 ഉം പത്തനംതിട്ടയിൽ 2 എണ്ണവും സ്ഥാപിച്ചിട്ടുണ്ട് മത്സ്യഫെഡിന്റെ അധീനതിയിലുള്ള 4 ചെമ്മീൻ വിത്തുല്പാദന കേന്ദ്രങ്ങൾ തിരുമുല്ലവാരം - കൊല്ലം ജില്ല, കൈപ്പമംഗലം - തൃശ്ശൂർ ജില്ല, വെളിയംകോട് - മലപ്പുറം ജില്ല, മാപ്പിള ബേ - കണ്ണൂർ ജില്ല, എന്നീ കേന്ദ്രങ്ങളിൽ നിന്നും കാര, നാരൻ, ആറ്റുകൊഞ്ച് എന്നീ ഇനം ചെമ്മീൻ വിത്തുകൾ ഉൽപ്പാദിപ്പിച്ച് മത്സ്യകർഷകർ ക്ക് വിതരണം ചെയ്തു വരുന്നു.

**മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ**

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി താഴെപ്പറയുന്ന 20 പദ്ധതികൾ നടപ്പാക്കി വരുന്നുണ്ട് പ്രസ്തുത പദ്ധതി ആനുകൂല്യം കട ലോര/കായലോര (ഉൾനാടൻ) മത്സ്യത്തൊഴിലാളി കൾക്കും നൽകി വരുന്നു.

1. ഗ്രൂപ്പ് ഇൻഷുറൻസ്
2. മത്സ്യബന്ധന സമയത്തോ, തൊട്ടുപിന്നാലെയോ അപകടം കൊല്ലാതെ ഉാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം
3. വിവാഹ ധനസഹായം:
4. വാർദ്ധക്യകാല പെൻഷൻ
5. ആശ്രിതരുടെ മരണാന്തരചിലവുകൾക്ക് ധനസഹായം
6. അപകടം മൂലമുാകുന്ന താൽക്കാലിക അവശതയ്ക്ക് ധനസഹായ പദ്ധതി
7. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം
8. എസ്.എസ്.എൽ.സി. ക്യാഷ്അവാർ ഡ്

9. കുടുംബ സംവിധാന പദ്ധതി
10. മാരക രോഗ ചികിൽസാ പദ്ധതി
11. ചെയർമാൻസ് റിലീഫ് ഫണ്ട്
12. ബോർഡിന്റെ പ്രത്യേക ധനസഹായം
13. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി
14. ഉന്നത വിദ്യഭ്യാസ പ്രോൽസാഹന പദ്ധതി
15. മത്സ്യത്തൊഴിലാളികളുടെ ബോധവൽകരണ പരിപാടി
16. വിധവാ പെൻഷൻ
17. കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം
18. ക്രാഫ്റ്റ് ഇൻഷുറൻസ്
19. ആം ആദ്മി ബീമ യോജന പദ്ധതി
20. തണൽ പദ്ധതി

**സെക്ഷൻ ആഫീസർ**